"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കോവിഡ് 19-പ്രതിരോധപ്രവർത്തനം- തദ്ദേശഭരണ-വാർഡുതലകമ്മിറ്റികൾ ഏറ്റെടുത്തു നടത്തേണ്ട കർത്തവ്യങ്ങളും ചുമതലകളും സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ.(സാധാ) നം.282/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 02/02/2021

പരാമർശം:- 1 സ.ഉ. (കൈ) നം.55/2020/തസ്വഭവ തീയതി, 20.3.2020

2 സ.ഉ. (സാധാ) നം.242/2021/തസ്വഭവ തീയതി, 29.1.2021

ഉത്തരവ്

കോവിഡ് മഹാമാരി ബാധിച്ചു തുടങ്ങിയിട്ട് ഏതാണ്ട് ഒരു വർഷത്തോളമായി. ഇതിനോടനുബന്ധിച്ച് ശക്തമായ നടപടികൾ എടുത്തെങ്കിലും കേരളത്തിൽ ഇപ്പോഴും രോഗം വ്യാപിക്കുന്ന സാഹചര്യമാണ് കാണുന്നത്. ആയത് നിയന്ത്രണവിധേയമാക്കുന്നതിനായി കർശന നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ആയതിലേക്കായി പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുതലകമ്മിറ്റികൾ പുനസംഘടിപ്പിച്ച് ഉത്തരവായിരുന്നു. കോവിഡ് വ്യാപനത്തിനെ കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ സാധിച്ചതിനാലും പ്രതിരോധ നടപടികൾ വിപുലീകരിച്ചിട്ടുള്ളതിന്റെ വെളിച്ചത്തിലും താഴെ പറയുന്ന ചുമതലകൾ കൂടി തദ്ദേശഭരണ/വാർഡുതലകമ്മിറ്റികൾ നിർവഹിക്കേണ്ടതാണ്.

1.**സാമൂഹ്യ അകലം പാലിക്കൽ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നത് ഉൾപ്പെടെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ**

കോവിഡ് രോഗവ്യാപനത്തിന്റെ വ്യാപ്തി വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും സർക്കാരും ആരോഗ്യവകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നൽകുന്ന മുൻകരുതൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ഒരു വിഭാഗം ആളുകൾ വിമുഖതയും അലംഭാവവും കാണിക്കുന്നുണ്ട്. കോവിഡിന്റെ വ്യാപനം ശക്തമായി നിൽക്കുന്ന സാഹചര്യത്തിലാണ് ഗുരുതരമായ പ്രോട്ടോകോൾ ലംഘനവും വളരെ അധികം ആളുകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള കൂടിച്ചേരലുകളും സുരക്ഷിതമല്ലാത്ത രീതിയിലുള്ള യാത്രകളും ഉണ്ടാകുന്നത് - ഇത് രോഗ വ്യാപനത്തെ രൂക്ഷമാക്കുന്നു. രോഗ വ്യാപന സാധ്യതകൾ, പ്രതിരോധ മാർഗ്ഗങ്ങൾ, രോഗം പടരാതെ നോക്കേണ്ടതിന്റെ ആവശ്യകത എന്നിവയെ കുറിച്ച് അവബോധം വീണ്ടും സൃഷ്ടിക്കേണ്ടതുണ്ട്. ബോധവത്ക്കരണ/രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുമ്പോൾ താഴെ പറയുന്ന പ്രത്യേക വിഭാഗങ്ങളുടെ സംരക്ഷണവും സുരക്ഷയും ഉറപ്പു വരുത്തേണ്ടതാണ്:

i. വയോജനങ്ങളും സാന്ത്വന ചികിത്സയിലുള്ളവരും

ii. ജീവിത ശൈലി രോഗങ്ങൾ ഉള്ളവരും ഭിന്നശേഷിക്കാരും

iii. തീരദേശ വാസികൾ

iv. ചേരികളിൽ താമസിക്കുന്നവർ

v. കെയർ ഹോമുകളിലെ അന്തേവാസികൾ

vi. തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ

vii. കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾ

viii. അതിഥി തൊഴിലാളികൾ

യുവതി/യുവാക്കൾക്കിടയിൽ തങ്ങൾക്ക് രോഗം ബാധിക്കുകയില്ലെന്ന തെറ്റായ ആത്മവിശ്വാസം നിലനിൽക്കുന്നതായി കാണുന്ന സാഹചര്യത്തിൽ അവർ സുരക്ഷാ മാർഗ്ഗങ്ങൾ സ്വീകരിക്കാതിരുന്നാൽ അവരറിയാതെ രോഗം കുടുംബത്തിലും സമൂഹത്തിലും പരിസര പ്രദേശങ്ങളിലുമുള്ള പ്രായമേറിയതും രോഗികളുമായ ജനവിഭാഗങ്ങളിലേയ്ക്ക് രോഗവ്യാപനം ഉണ്ടായി മരണസംഖ്യ ഉയരാനുള്ള സാധ്യതയും സ്ഥിതിവിശേഷവും ഉണ്ടാകാം എന്നവരെ ബോധ്യപ്പെടുത്തി കർശന തുടർനടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

## 2. ബ്രേക്ക് ദി ചെയിൻ എന്ന സാമൂഹ്യ അകലം പാലിക്കൽ പ്രോട്ടോക്കോൾ

കോവിഡ് -19ന്റെ സാമൂഹ്യ വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ 'ബ്രെയ്ക്ക് ദി ചെയിൻ' എന്ന സാമൂഹ്യ അകലം പാലിക്കൽ പ്രൊട്ടോക്കോൾ വീണ്ടെടുക്കേണ്ടതുണ്ട്. ജനങ്ങൾക്കിടയിൽ അവയെ കുറിച്ചുള്ള അറിവും സ്വീകാര്യതയും പുനഃ സ്ഥാപിക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ച് മാതൃകാപരമായ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെയ്യേണ്ടതാണ്.

താഴെ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പാക്കുകയും വേണം-

i. കൈ കഴുകുന്നതിന് -സാനിറ്റൈസർ /സോപ്പ് ഉപയോഗിക്കൽ

ii. ജനങ്ങൾ ഒത്തുകൂടുന്ന സ്ഥാപനങ്ങളായ സ്കൂളുകൾ, സിനിമാ തിയേറ്ററുകൾ, മാളുകൾ, ആഡിറ്റോറിയങ്ങൾ മാർക്കറ്റുകൾ എന്നിവയിൽ ബ്രെയ്ക്ക് ദി ചെയിൻ പ്രൊട്ടോക്കോൾ പ്രചരിപ്പിക്കൽ . നാട്ടിൽ രൂപപ്പെടുന്ന ആൾക്കൂട്ടം താൽക്കാലികമായെങ്കിലും നിരുത്സാഹപ്പെടുത്തൽ. സർക്കാർ അനുവദിച്ചിട്ടുള്ള ആളുകളുടെ എണ്ണത്തിന്

അനുസൃതമായി മാത്രമേ വിവാഹച്ചടങ്ങുകൾ, മരണാന്തര ചടങ്ങുകൾ, മറ്റ് പൊതു ചടങ്ങുകൾ, ഒത്തുച്ചേരലുകൾ, പൊതു/ സ്വകാര്യവാഹന യാത്രകൾ, മുതലായവ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിക്കുള്ളിൽ നടക്കുന്നുള്ളൂ എന്ന് കർശനമായി നിരീക്ഷിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

iii. ടാക്സി ഡ്രൈവർമാർ, ഓട്ടോ ഡ്രൈവർമാർ, പാൽ, പത്രം വിതരണക്കാർ എന്നിവർക്കിടയിൽ ബോധവൽക്കരണം നടത്തണം.

iv. സ്കൂളുകളും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളും തുറന്നു പ്രവർത്തിക്കുമ്പോൾ കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നതിനെക്കുറിച്ച് ബോധവത്ക്കരണം നടത്തുന്നതിന് പ്രത്യേക ശ്രദ്ധ നല്കണം.

v. ATM, Swiping Machine, ലിഫ്റ്റുകൾ തുടങ്ങിയവയ്ക്ക് സമീപം സാനിറ്റൈസർ ഉറപ്പാക്കണം.

vi. പ്രതിരോധ സാമഗ്രികളുടെ ലഭ്യത ഉറപ്പാക്കണം.

## <u>3.പരിസര ശുചീകരണം:-</u>

രോഗങ്ങൾ പടരുന്നത് തടയുന്നതിൽ പരിസര ശുചിത്വത്തിന് പ്രധാന പങ്കാണുള്ളത്. താഴെ പറയുന്ന സ്ഥലങ്ങളിൽ ശുചീകരണം ഉറപ്പാക്കണം

a. തദ്ദേശ സ്വയം ഭരണ സ്ഥാപന ഓഫീസ് ഉൾപ്പെടെ പൊതു ഓഫീസുകൾ

b. പൊതു സ്ഥലങ്ങൾ - ബസ് സ്റ്റാന്റ്, മാർക്കറ്റ് മുതലായവ

ഉപയോഗിച്ച മാസ്കുകൾ, ഗ്ലൗസുകൾ എന്നിവ വീടുകളിൽ വച്ചോ, സ്ഥാപനങ്ങളിൽ വച്ചോ, ശേഖരണ സ്ഥലങ്ങളിൽ വച്ചോ അണുബാധ ഇല്ലാതാക്കി സംസ്കരിക്കുവാൻ നിർദ്ദേശം നൽകണം. അല്ലെങ്കിൽ അവ പൊതു കളക്ഷൻ സെന്ററിൽ ശേഖരിച്ച് അണുബാധ ഇല്ലാതാക്കി സംസ്കരിക്കണം. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഉപയോഗിച്ച മാസ്കുകൾ, ഗ്ളൗസ്സുകൾ, പി.പി.ഇ കിറ്റുകൾ എന്നിവ സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതാണ്.

ബയോ മെഡിക്കൽ വേസ്റ്റ് പരിപാലന മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

4. കമ്മ്യൂണിറ്റി സർവ്വേയലൻസ്

റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (RRT) പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായം നൽകേണ്ടതും അവയുടെ മേൽനോട്ടം വഹിക്കേണ്ടതും തദ്ദേശ സ്ഥാപന തല കമ്മിറ്റികളുടെ ചുമതലയായിരിക്കുന്നതാണ്.

- റാപ്പിഡ് റെസ്പോൺസ് ടീമുകൾ കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇവയുടെ ശരിയായ പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ തടസ്സമാകുന്നുവെങ്കിൽ ആയത് അടിയന്തിരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകിരിക്കേണ്ടതാണ്.
- കമ്മ്യൂണിറ്റി സർവ്വേയലൻസ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ സന്നദ്ധ പ്രവർത്തകരെ കണ്ടെത്തി അവരെ തദ്ദേശ സ്ഥാപന തല/ വാർഡ്തല പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുക.
- പ്രത്യേക പരിഗണന നൽകേണ്ട വിഭാഗങ്ങളെ കണ്ടെത്തി മുൻകരുതലുകൾ സ്വീകരിക്കുക. ഓരോ ദിവസവും കോവിഡ് പോസിറ്റീവ് ആകുന്ന രോഗികളുടെ സമ്പർക്ക പട്ടിക തയ്യാറാക്കി അവരെ കോവിഡ് ടെസ്റ്റിന് വിധേയരാക്കുക.
- കോവിഡ് ജാഗ്രതാ പോർട്ടലിൽ ഓരോ ദിവസത്തെയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുക.
- കോവിഡ് രോഗബാധ റിപ്പോർട്ട് ചെയ്ത റസിഡന്റ്സ് ഏര്യകളിൽ ആവശ്യമായ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതും ബ്രേക്ക് ദി ചെയിൻ പ്രോട്ടോക്കോൾ കർശനമായി നടപ്പിലാക്കേണ്ടതുമാണ്. ആവശ്യമെങ്കിൽ ഇത്തരം സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി ക്ലിനിക് സംവിധാനം ആരംഭിക്കുക.
- ഗുരുതരമായ രോഗബാധയുള്ളവർ (ഹൃദയം, കരൾ,വൃക്ക, ശ്വാസകോശം), 60 വയസ്സിന് മുകളിൽ പ്രായമുള്ളവർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്ക് റിവേഴ്സ് ക്വാറന്റയിൻ നിർദ്ദേശങ്ങൾ നൽകുക.
- ഭവനരഹിതരായവരെയും തെരുവിൽ കഴിയുന്നവരെയും കണ്ടെത്തി അവർക്ക് ആവശ്യമായ പരിചരണവും താമസസൗകര്യവും ഒരുക്കി നൽകുക.
- തദ്ദേശ സ്ഥാപന തലത്തിലും വാർഡ്തലത്തിലും കോവിഡ് രോഗലക്ഷണങ്ങൾ സംബന്ധിച്ചും കോവിഡ് ടെസ്റ്റ് സംബന്ധിച്ചുമുള്ള അറിയിപ്പുകളും തുടർനടപടികളും സ്വീകരിക്കുക.
- കോവിഡ് പോസിറ്റീവ് ആയവരും (രോഗലക്ഷണങ്ങൾ ഇല്ലെങ്കിലും ചെറിയ രോഗലക്ഷണങ്ങൾ ഉണ്ടെങ്കിലും) ടി രോഗിയുടെ പ്രൈമറി പട്ടികയിലുള്ളവരും ആരോഗ്യവകുപ്പ് നിർദ്ദേശിക്കും പ്രകാരമുള്ള മുൻകരുതലുകൾ വീഴ്ച കൂടാതെ എടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക. ഇത് സംബന്ധിച്ച് റാപ്പിഡ് റെസ്പോൺസ് ടീമുകൾ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും തദ്ദേശ സ്ഥാപന തല കമ്മിറ്റികൾ മേൽനോട്ടം വഹിക്കേണ്ടതുമാണ്.

രോഗവ്യാപനമുള്ള സ്ഥലങ്ങളിൽ റസിഡന്റ്സ് അസോസിയേഷനുകൾ, വ്യാപാര വാണിജ്യ സംഘടനകൾ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരുമായി ചർച്ച നടത്തി ഏർപ്പെടുത്തേണ്ട നിയന്ത്രണങ്ങളും പ്രവർത്തനങ്ങളും നിശ്ചയിക്കണം.

കോവിഡ് അതിരോഗ വ്യാപനത്തിന് (super spreader event) സാദ്ധ്യതയുള്ള സംഭവങ്ങളോ ചടങ്ങുകളോ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ പോലീസ്/ സെക്ടറൽ മജിസ്ട്രേറ്റ് അധികാരികളെ അറിയിക്കണം

## 5. ക്വാറന്റയിൻ, (CFLTC), വീടുകളിൽ ഒറ്റപ്പെട്ട് താമസിക്കുന്നവർ

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി വീടുകളിൽ ഒറ്റപ്പെട്ട് താമസിക്കുന്നവരെയും ക്വാറന്റയിനിൽ കഴിയുന്നവരെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കർശനമായി നിരീക്ഷിക്കേണ്ടതും അവർക്ക് ആവശ്യമായ സാമൂഹിക പിന്തുണാ സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

താഴെപ്പറയുന്ന കാര്യങ്ങൾ ഉറപ്പാക്കേണ്ടതാണ്.

(i) കോവിഡ് രോഗബാധ സ്ഥിരീകരിക്കുകയും സ്വന്തം വീട്ടിൽ താമസിക്കാൻ തയ്യാറാകുകയും ചെയ്യുന്നവരുടെ വീട് പരിശോധന നടത്തി രോഗിയ്ക്ക് വീട്ടിൽ ഐസോലേഷനിൽ കഴിയാനുള്ള സൗകര്യമുണ്ടെന്ന് ഉറപ്പ് വരുത്തണം. അതിനുള്ള സൗകര്യം ഇല്ലെങ്കിൽ കോവിഡ് സെന്ററിലേയ്ക്കോ ആശുപത്രിയിലേയ്ക്കോ മാറ്റേണ്ടതാണ്. വീടുകളിൽ ഐസൊലേഷനിൽ കഴിയുന്ന ആളുകളെ കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.

(ii) കോവിഡ് രോഗിയുടെ സമ്പർക്ക പട്ടികയിലുള്ളവരോ രോഗലക്ഷണങ്ങൾ ഉള്ളവരോ വീടുകളിൽ ഐസോലേഷനിൽ കഴിയുമ്പോൾ അവരുമായി സാമൂഹ്യ അകലം പാലിക്കേണ്ടത് സംബന്ധിച്ച പ്രോട്ടോക്കോൾ ബോധവത്ക്കരണം കുടുംബാംഗങ്ങൾക്ക് നല്കേണ്ടതാണ്.

കമ്മ്യൂണിറ്റി കൗൺസിലിംഗ് മേൽ ഗ്രൂപ്പിൽ പെട്ടവർക്ക് ആവശ്യമെങ്കിൽ ഏർപ്പാടാക്കുക.

(iii) ക്വാറന്റീനിൽ കഴിയുന്ന കുടുംബങ്ങൾക്ക് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

(iv) കോവിഡ്-19 രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള ക്വാറന്റയിൻ സെന്ററുകൾ അല്ലെങ്കിൽ കോവിഡ് ഫസ്റ്റ് ലെവൽ ട്രീറ്റ്മെന്റ് സെന്ററുകൾ(CFLTC) , കോവിഡ് സെക്കന്റ് ലെവൽ ട്രീറ്റ്മെന്റ് സെന്ററുകൾ (CSLTC), ഡോമിസിലിയറി കെയർ സെന്ററുകൾ(DCC) എന്നിവയുടെ പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപന തല കമ്മിറ്റികൾ റിവ്യൂ നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതും ഇവയുടെ പ്രവർത്തനങ്ങളും ചെലവും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് ചെലവ് സംഖ്യ തിരികെ ലഭിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തേണ്ടതുമാണ്.

(v) കോവിഡ് രോഗികൾക്ക് ആശുപത്രിയിൽ എത്തിച്ചേരുന്നതിനുള്ള ആംബുലൻസ് സൗകര്യം ആരോഗ്യവകുപ്പിന്റെയും ജില്ലാ ഭരണ കൂടത്തിന്റെയും സഹായത്തോടെ തദ്ദേശ സ്ഥാപന തല കമ്മിറ്റികൾ ഏർപ്പെടുത്തേണ്ടതാണ്.

(vi) അതാത് തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പരിധിയിലുള്ള ഗർഭിണികൾ, കെയർ ഹോമുകളിലെ അന്തേവാസികൾ, അതിഥി തൊഴിലാളികൾ മുതലായവരുടെ ലഭ്യമായ വിവരങ്ങൾ അപ്ഡേറ്റ്ചെയ്യേണ്ടതാണ്.

(vii).മേൽ വിഭാഗക്കാർക്ക് അടിയന്തിര ഘട്ടങ്ങളിൽ ആംബുലൻസ് സൗകര്യം ഉൾപ്പെടെയുള്ള വൈദ്യസഹായം എത്തിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

7.അവശ്യ സാധനങ്ങളുടെ ലഭ്യത :-

ചുവടെ പറയുന്ന കാര്യങ്ങളിൽ ശ്രദ്ധ വേണം.

a. ഭക്ഷ്യ സിവിൽ സപ്ലൈസുമായി ബന്ധപ്പെട്ട് അവശ്യ ഭക്ഷ്യ ധാന്യങ്ങളുടെ ലഭ്യത ഉറപ്പാക്കൽ

b. മെഡിക്കൽ സ്റ്റോറുകളിൽ ജനറിക്ക് മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുകയും നിരീക്ഷിക്കുകയും ചെയ്യുക

c. കൃത്രിമ ക്ഷാമം ഉണ്ടാകുന്നുണ്ടോ എന്ന് നിരീക്ഷിച്ച് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്യുക.

8 പ്രത്യേക പരിഗണന നൽകേണ്ട വിഭാഗങ്ങൾ

**വാർഡ് ലെവൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആരോഗ്യ പ്രവർത്തകർ, അങ്കണവാടി വർക്കർ, കുടുംബശ്രീ സന്നദ്ധ പ്രവർത്തകർ, ആരോഗ്യ സേനാ പ്രവർത്തകർ, എസ്.സി. / എസ്.ടി.പ്രൊമോട്ടർമാർ, സ്ഥലത്ത് താമസമുള്ള സന്നദ്ധരായ സർക്കാർ ഉദ്യോഗസ്ഥർ എന്നിങ്ങനെയുള്ള കമ്മ്യൂണിറ്റി ഗ്രൂപ്പ് രൂപീകരിക്കണം. ഇവർ കിടപ്പ് രോഗികളും, മറ്റ് രോഗങ്ങൾ ഉള്ളവരുമായ വയോജനങ്ങൾ ഗർഭിണികൾ, കെയർ ഹോമുകളിൽ താമസിക്കുന്നവർ, അതിഥി തൊഴിലാളികൾ മുതലായവരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് അപ്ഡേറ്റ് ചെയ്യേണ്ടതാണ്. പെട്ടന്ന് വൈദ്യ സഹായം ആവശ്യമായി വന്നാൽ ആംബുലൻസ് ഉൾപ്പെടെയുള്ള സഹായം ഉറപ്പാക്കുകയും വേണം.**

9. വാക്സിനേഷൻ

കാലാകാലങ്ങളിൽ സർക്കാർ തീരുമാനങ്ങൾക്കനുസൃതമായി രജിസ്റ്റർ ചെയ്ത കോവിഡ് രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ മുൻനിര പ്രവർത്തകർക്കും ദുർബല വിഭാഗങ്ങളെയും കണ്ടെത്തി കോവിഡ് വാക്സിൻ ആദ്യമേ ലഭിക്കുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വാർഡ്തല കമ്മിറ്റികളും ഉറപ്പ് വരുത്തണം. വാക്സിൻ എടുക്കാൻ

തയ്യാറുള്ളവരുടെ പട്ടിക തയ്യാറാക്കാണ്ടതും ശരിയായ വാർത്തകൾ ആണ് പ്രചരിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

സ്റ്റേറ്റ് പോലീസ് ചീഫ്
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസനകമ്മീഷണർ
ആരോഗ്യവകുപ്പ് ഡയറക്ടർ
ഡയറക്ടർ, പട്ടികജാതി വകുപ്പ്
ഡയറക്ടർ, പട്ടികവർഗ്ഗ വകുപ്പ്
സാമൂഹ്യക്ഷേമ ഡയറക്ടർ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുൻസിപ്പാലിറ്റി സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും(ഗ്രാമവികസനകമ്മീഷണർ മുഖേന)
അക്കൌണ്ടന്റ് ജനറൽ(ഇ&ആർഎസ് എ/ജി &എസ് എസ് എ) കേരള തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ വകുപ്പ്)
ബന്ധപ്പെട്ടവകുപ്പുകൾക്ക്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Banikumar

സെക്ഷൻ ഓഫീസർ

പകർപ്പ്
തദ്ദേശസ്വയംഭരണവകുപ്പുമന്ത്രിയുടെ പി എസ്
തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ

തദ്ദേശസ്വയംഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ
തദ്ദേശസ്വയംഭരണവകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ